"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന ഗുരു ചെങ്ങന്നൂർ സ്മാരകസമിതിയ്ക്ക് ചെങ്ങന്നൂർ സാംസ്കാരികോത്സവം - 2026 എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് കേരള സംസ്കാര വ്യാപനം പദ്ധതി ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.237/2026/CLAD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-
1. 16.04.2018-ലെ സ.ഉ (പി) നം. 62/2018/ധന നമ്പർ ഉത്തരവ്
2. സ.ഉ (സാധാ) നം.263/2025/സാം.കാ.വ തീയതി 15.05.2025
3. സ.ഉ (സാധാ) നം.142/2026/സാം.കാ.വ തീയതി 19.02.2026
3. ഗുരു ചെങ്ങന്നൂർ സ്മാരക സമിതി മെമ്പർ സെക്രട്ടറിയുടെ 28.02.2026-ലെ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന ഗുരു ചെങ്ങന്നൂർ സ്മാരക സമിതിക്ക് സാംസ്കാരികോത്സവം-2026 എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഗുരു ചെങ്ങന്നൂർ സ്മാരക സമിതി മെമ്പർ സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന ഗുരു ചെങ്ങന്നൂർ സ്മാരകസമിതിയ്ക്ക് ചെങ്ങന്നൂർ സാംസ്കാരികോത്സവം 2026 എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം 2025-26 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുവദിച്ചിട്ടുള്ള കേരള സാംസ്കാരിക വ്യാപനം (2205-00-102-18 പ്ലാൻ) എന്ന പദ്ധതി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് 25,00,000/- രൂപ (ഇരുപത്തഞ്ച് ലക്ഷം രൂപാ മാത്രം) പി എസ് റ്റി എസ് ബി അക്കൗണ്ട്സ് സിസ്റ്റം ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പരാമർശം (1) ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് അവശ്യ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആയതു വിശദമായി പരിശോധിച്ചതിനു ശേഷം തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത തുക പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി. ഡി. ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ ഗുരു ചെങ്ങന്നൂർ സ്മാരക സമിതി മെമ്പർ സെക്രട്ടറി, സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സർക്കാരിനും, പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ), സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും ഗുരു ചെങ്ങന്നൂർ സ്മാരക സമിതി മെമ്പർ സെക്രട്ടറി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, ഗുരു ചെങ്ങന്നൂർ സ്മാരക സമിതി, ആലപ്പുഴ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ്റ് ജനറൽ (എ ആൻറ് ഇ/ആഡിറ്റ് ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം .

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് തിരുവനന്തപുരം

ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ (സി2/51/2026/സാം.കാ.വ )

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 13-03-2026 13:49:50

സെക്ഷൻ ഓഫീസർ

പകർപ്പ് ഃ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്. ന്

സാംസ്കാരിക വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ. ന്